ജീവനുള്ള കല്ലുകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കല്പണിക്കാർ മതിൽ പണിയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ആവശ്യത്തിലധികമായ വലിപ്പമുള്ള കല്ലുകൾ ഉടച്ച് ശരിപ്പെടുത്തുന്നു. ആ രാജ ശില്പിയുടെ മനസ്സിൽ ഒരു പദ്ധതിയുണ്ട്. അതനുസരിച്ച് രൂപപ്പെടുത്തുന്നു. സഭയ്ക്കുള്ളിൽ എല്ലാവരും ജീവനുള്ള കല്ലുകളാണ്. അവിടെ ഭേദചിന്തയില്ല. ഐക്യദാർഢ്യമുള്ള ഒരു സമൂഹമാണ് സഭ.

*'രാജകീയ പുരോഹിത വർഗ്ഗം' 'തിരഞ്ഞെടുക്കപ്പെട്ട ജനം'* തുടങ്ങിയ വിശേഷണങ്ങളാണ് പത്രോസ് സഭയ്ക്കു നല്കിയിരിക്കുന്നത്. ദൈവിക പ്രകാശം ഉൾക്കൊണ്ടവർ ജീവിതം രൂപാന്തരപ്പെടുത്തിയവരാണ്. പ്രവാചക ദർശനത്തോടെ ജീവിക്കേണ്ടവരാണ്. അതിന്റെ അർത്ഥമെന്താണെന്നോ? ഒന്ന്, സമൂഹത്തിലെ തിന്മകളെ വിമർശിക്കുവാൻ കഴിയണം. മാറി നിന്നുകൊണ്ടല്ല വിമർശനം, സമൂഹത്തിന്റെ ഭാഗമായി നിന്നുകൊണ്ടാണ്. 'മനസ്സലിവ്' ക്രിസ്തുവിനോടു ബന്ധപ്പെട്ട ഏറ്റവും അർത്ഥവത്തായ പദമാണ്. ഹൃദയ വ്യഥ അനുഭവിക്കുന്നവനോട് പങ്കാളിത്തം വഹിക്കുന്നതാണ് യഥാർത്ഥ മനസ്സലിവ്. എന്നാൽ നമ്മുടെ കാലഘട്ടത്തിലാവട്ടെ, മനസ്സലിവ് വറ്റി വരണ്ടുകൊണ്ടിരിക്കുന്നു. ശമര്യാക്കാരന്റെ ഉപമയിലൂടെ യേശുക്രിസ്തു ഇത് വെളിവാക്കുന്നുണ്ട്. ശൗലും ബർന്നബാസും മനസ്സലിവ് പ്രഘോഷിക്കാൻവേണ്ടി വേർതിരിക്കപ്പെട്ടു എന്ന് ഓർമ്മിക്കുക.

ശൂന്യത അഭിമുഖീകരിക്കുന്ന ഒരു ലോകത്തെയാണ് നമുക്ക് നേരിടുവാനുള്ളത്. ഈ ലോകത്തെയാണ് സുവിശേഷവുമായി സമീപിക്കേണ്ടത്. അത് മതംമാറ്റമല്ല. സംഖ്യാവർദ്ധനവുമല്ല, ദൈവം ഏല്പിച്ചിരിക്കുന്ന മനസ്സലിവിൽനിന്ന് ഉറവെടുക്കുന്നതാണ്. ഇത് ഉൾക്കൊള്ളുമ്പോഴാണ് സഭയിൽ രൂപാന്തരമുണ്ടാവുക. സമൂഹത്തിന്റെ മുഖ്യധാര വെളിയിൽ കഴിയുന്ന മനുഷ്യന് പ്രത്യാശ നല്കുന്നതാണ്. ഈ മനസ്സലിവു യേശുക്രിസ്തുവിലുള്ള പ്രത്യാശയാണ് ലോകത്തോട് നമുക്ക് പറയുവാനുള്ളത്. ഇന്നത്തെ ലോകത്തിൽ നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലകൾ പരാമർശിക്കട്ടെ.

സമൂഹത്തിൽ നിരപ്പിന്റെ അനുഭവം ഉണ്ടാവണം. അനുരഞ്ജനത്തിന്റെ ചാലക ശക്തിയുണ്ടാവണം. ഉയിർത്തെഴുന്നേറ്റ് കർത്താവ് തന്റെ മുറിപ്പാടുകളെ ശിഷ്യന്മാർക്കു കാട്ടിയത് സമാധാനമുണ്ടാക്കുന്നതിന് വലിയൊരു വില കൊടുക്കേണ്ടിവന്നു എന്ന് അവയ്ക്കു വെളിവാക്കിക്കൊടുക്കുവാൻ വേണ്ടിയാണ്. നിരപ്പിന്റെ ശുശ്രൂഷ അനുഷ്ഠിക്കുമ്പോൾ മുറിവേല്ക്കുവാൻ നാം തയ്യാറെടുത്തേ മതിയാവൂ.

സഭ ഈ ദൗത്യം നിർവ്വഹിക്കുമ്പോൾ ഇങ്ങനെയുള്ള ആണിപ്പാടുകൾ ഉണ്ടാക്കാവുന്നതാണ്. സ്ത്രീകളേയും കുട്ടികളേയും അവഗണിക്കാൻ പാടില്ല. യുവജനങ്ങളെ എങ്ങനെ നേടുവാൻ കഴിയുമെന്ന് നാം ഗാഢമായി

സമൂഹത്തിൽ നിരപ്പിന്റെ അനുഭവം ഉണ്ടാവണം. അനുരഞ്ജനത്തിന്റെ ചാലക ശക്തിയുണ്ടാവണം. ഉയിർത്തെഴുന്നേറ്റ് കർത്താവ് തന്റെ മുറിപ്പാടുകളെ ശിഷ്യന്മാർക്കു കാട്ടിയത് സമാധാനമുണ്ടാക്കുന്നതിന് വലിയൊരു വില കൊടുക്കേണ്ടിവന്നു എന്ന് അവയ്ക്കു വെളിവാക്കിക്കൊടുക്കുവാൻ വേണ്ടിയാണ്. നിരപ്പിന്റെ ശുശ്രൂഷ അനുഷ്ഠിക്കുമ്പോൾ മുറിവേല്ക്കുവാൻ നാം തയ്യാറെടുത്തേ മതിയാവൂ.

സഭ ഈ ദൗത്യം നിർവ്വഹിക്കുമ്പോൾ ഇങ്ങനെയുള്ള ആണിപ്പാടുകൾ ഉണ്ടാക്കാവുന്നതാണ്. സ്ത്രീകളേയും കുട്ടികളേയും അവഗണിക്കാൻ പാടില്ല. യുവജനങ്ങളെ എങ്ങനെ നേടുവാൻ കഴിയുമെന്ന് നാം ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. പാളയത്തിനു പുറത്തുള്ള സമൂഹങ്ങളായ നിന്ദിതരുടെയും പീഢിതരുടേയും നിലവിളി കേൾക്കുവാൻ നാം തയ്യാറാവണം.

യെഹ. 22-ൽ ജനങ്ങളുടെ യഥാർത്ഥ മുഖം പ്രവാചകൻ അനാവരണം ചെയ്യുന്നുണ്ട്. ദൈവം അവിടെയും ഒരു മനുഷ്യനെ അന്വേഷിക്കുന്നു. ആ മനുഷ്യന്റെ സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

1. ജനങ്ങളുടെയിടയിൽ നിന്ന് എഴുന്നേൽക്കുന്നവനാവണം.
2. ദൈവം അന്വേഷിക്കുന്നു എന്ന ബോധമുണ്ടാവണം.
3. സമൂഹത്തിന്റെ ഇടിവിൽ നിൽക്കുന്നതിന് തയ്യാറാവണം.
4. ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നവനാവണം.

അങ്ങനെയുള്ളവരിൽ ഒരുവനെയാണ് ദൈവം ആവശ്യപ്പെടുന്നത്.

ദൈവവചനത്തോട് പ്രതികരിച്ചുകൊണ്ട് സമർപ്പിതരാകുവാൻ നമുക്കു കഴിയുമോ?

ദൈവസന്നിധിയിൽ മദ്ധ്യസ്ഥത ചെയ്യുവാൻ ഒരുക്കമാണോ? മൂന്നു വർഷം കഴിയുമ്പോൾ ഇരുപതാം നൂറ്റാണ്ട് അവസാനിക്കുന്നു. ഇന്ന് ദൈവസന്നിധിയിൽ നമുക്ക് തീരുമാനങ്ങൾ എടുക്കാം. സഭ ജീവനുള്ള സഭയാവണം; ലോകത്തിനുവേണ്ടി കരുതുന്ന സഭയാവണം. അതിനുവേണ്ടി ഞാൻ ഇടിവിൽ നിൽക്കും എന്ന് ആര് തീരുമാനിക്കും. എങ്കിൽ ദൈവം നിങ്ങളെ ഉപയോഗിക്കും. കർത്താവേ അതിനു ഞങ്ങളെ സഹായിക്കണമേ, എന്ന് നമുക്കും പ്രാർത്ഥിക്കാം. എങ്കിൽ സഭ ജീവനും ചൈതന്യവുമുള്ളതായിത്തീരും.

# യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു

*മർക്കോ. 5: 1-20*

റൈറ്റ്. റവ. ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ

കാണാതെ പോയതിനെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയാണ് മനുഷ്യപുത്രൻ വന്നത്. ദൈവം സൃഷ്ടിച്ചു ലോകം മനോഹരമാണ്. അവൻ ആണും പെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ച. എന്നാൽ ദൈവം സൃഷ്ടിച്ച മനുഷ്യൻ നഷ്ടപ്പെട്ട അവസ്ഥയിലേക്ക് നീങ്ങി. ഇവിടെയാണ് വീണ്ടെടുപ്പിന്റെ പ്രസക്തി. ക്രിസ്തുയേശുവിലൂടെ വീണ്ടെടുപ്പിന്റെ അനുഭവം നമുക്ക് ലഭ്യമാണ്.

ഗലീലാ കടലിന്റെ മറുവശത്തുള്ള ദേശമാണ് ഗദരദേശം. യഹൂദേതർ തിങ്ങിപ്പാർക്കുന്ന സ്ഥലമാണിത്. അവിടെയാണ് അശുദ്ധാത്മാവുമായുള്ള മനുഷ്യനെ യേശു കണ്ടെത്തുന്നത്. ആ മനുഷ്യന്റെ പ്രത്യേകതകൾ എന്തൊക്കെ?

## 1. അന്യാധീനപ്പെട്ട മനുഷ്യൻ.

നഷ്ടപ്പെട്ടവനെ കണ്ടെത്തുന്ന അനുഭവം. ജീവിതത്തിൽ വ്യക്തിത്വമില്ലാത്തതിനെ വ്യക്തിത്വത്തിന്റെ ഉടമയാക്കുന്ന യേശു. മൃഗതുല്യനായ, അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ യേശു സന്നിധിയിൽ. അവൻ അന്യാധീനപ്പെട്ടവനാണ്. സമൂഹത്തോടുള്ള ബന്ധത്തിൽ ആണ് അവൻ ആയിരിക്കേണ്ടത്. സമൂഹത്തിൽനിന്ന് അന്യപ്പെട്ട മനുഷ്യൻ തനിക്ക് സ്വന്തമായതിൽ നിന്നും അന്യപ്പെട്ടിരിക്കുന്നു. ബന്ധങ്ങൾ ഇല്ലാതെ വ്യക്തിയില്ല. സമൂഹമില്ലാതെ വ്യക്തിക്ക് പ്രസക്തിയും നിലനിൽപ്പും ഇല്ല. സ്വയം സൃഷ്ടിച്ച കല്ലറയിൽ വസിക്കുന്ന മനുഷ്യൻ.

നിലനിൽപിനുവേണ്ടിയുള്ള പരക്കം പാച്ചിൽ ഇവിടെ കാണുവാൻ സാധിക്കും. സുബോധമില്ലാത്തവൻ ആയതുകൊണ്ട് മറ്റ് പലരും ആണ് ഇവനെ നിയന്ത്രിക്കുന്നത്. ഇന്ന് വിദ്യാർത്ഥി രാഷ്ട്രീയം ഇതിന് ഉത്തമ ഉദാഹരണമാണ്. എന്താണ് ചെയ്യുന്നതെന്ന് നിശ്ചയമില്ല. ചില്ലു കൊട്ടാരങ്ങളിൽ ഇരുന്നുകൊണ്ട് അന്യാധീനപ്പെട്ട വ്യക്തിത്വങ്ങളെ രാഷ്ട്രീയ നേതാക്കൾ നിയന്ത്രിക്കുന്നു. ജാതിയുടേയും മതത്തിന്റെയും പേരിൽ അവകാശ വാദങ്ങൾ ഉയർത്തുമ്പോൾ ഇതുതന്നെയാണ് ചെയ്യുന്നത്.

താൻ ആരാണെന്നും തന്റെ ദൗത്യം എന്തെന്നും സ്വയം തീരുമാനിക്കുന്നതാണ് ഏറെ ആവശ്യം. വ്യക്തിത്വത്തെ ഒരു കാലത്തും അന്യാധീനപ്പെടുവാൻ നാം അനുവദിച്ചുകൂടാ.

## 2. ഭൂതഗ്രസ്ഥൻ പേരില്ലാത്തവനാണ്.

ചിന്നഭിന്നമാക്കപ്പെട്ട ഒരു ആളത്വമാണ് അവന് ഉള്ളത്. പേരിന് പിന്നിൽ ഒരു ആളത്വമുണ്ട്. ഇന്ന് സമൂഹത്തിൽ പേരില്ലാത്ത ആളുകൾ വർദ്ധിച്ചിരിക്കുന്നു. ദരിദ്രൻ എന്നും പേരില്ലാത്തവനാണ്. ധനം വർദ്ധിക്കുമ്പോൾ ദരിദ്രന് പേരും പെരുമയും ഉണ്ട്. ബന്ധുക്കളുമുണ്ട്. മൂല്യബോധത്തെപ്പറ്റി അടിസ്ഥാനപരമായ മാറ്റം സഭയിലും സമൂഹത്തിലും ഉണ്ടാകണം. ദൈവത്തിന്റെ മുൻപിൽ എല്ലാവരും ഒരുപോലെയാണ്.

## 3. ഭൂതഗ്രസ്ഥൻ നിസ്സഹായനാണ്.

അവൻ തന്നെത്താൻ ഉപദ്രവിച്ചു പോന്നു. കല്ലറയിൽ വസിക്കുന്ന അശുദ്ധാത്മാവു ബാധിച്ച ഭൂതഗ്രസ്ഥന്റെ നിലവിളി അലോരസപ്പെടുത്തുന്നതാണ്. ദളിതരുടെ നിലവിളി വീണ്ടെടുപ്പിന്റെ നിലവിളിയാണ്. ദളിതരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിൽ നാം പരാജയപ്പെട്ടില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ നിലവിളി നമ്മുടെ മനസാക്ഷിയെ മരവിപ്പിക്കുമോ? സ്ത്രീധന പിശാചിനാൽ ഹോമിക്കപ്പെടുന്നവരുടെ നിലവിളി നാം കാര്യമാക്കാറുണ്ടോ? സ്ത്രീയാണ് ധനമെന്ന് തലമുറയെ നാം പഠിപ്പിക്കണം. സ്ത്രീധനം എന്ന പിശാച് നമ്മുടെ സഭയിൽ നിന്ന് തുടച്ച് നീക്കപ്പെടണം. വിവാഹത്തിന്റെ ആഹ്ലാദവും ഇന്ന് ദുസ്സഹമായി മാറിയിരിക്കുന്നു. ഇതിൽ വീർപ്പ് മുട്ടുന്നത് സാധാരണക്കാരനാണ്. അവരുടെ നിലവിളിക്ക് ചെവികൊടുക്കുവാൻ നമുക്ക് കഴിയണം. ഇത്തരം നിലവിളിക്ക് മുൻപിൽ നാം നിസംഗതരായി നിൽക്കുന്നുവെന്നത് സങ്കടകരമല്ലേ?

## 4. ഭൂതഗ്രസ്ഥൻ സ്വയം നശിക്കുന്നവനാണ്.

ഇവൻ സ്വയം ഇടിക്കുകയും ചതയ്ക്കുകയും ചെയ്യുന്നു. ജീവിതവും മരണവും ഒരുപോലെ തനിക്ക് പ്രതിസന്ധിയായി. സ്വയം ശരീരത്തെ പീഢിപ്പിക്കുന്നവരാണ് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ. നമ്മുടെ ശരീരത്തെ നശിപ്പിക്കുവാൻ നമുക്ക് അവകാശമില്ല. നമ്മുടെ സമൂഹത്തിൽ ഇത്തരം മനുഷ്യജീവിതങ്ങൾ ഉണ്ടെന്ന് നാം അറിയുമ്പോൾ നമ്മുടെ മനസാക്ഷിക്ക് ഒരു നൊമ്പരം ഉണ്ടാവണം. മദ്യപാനത്തിന്റെ അടിമകളെ വേണ്ടവിധത്തിൽ ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കുന്നില്ല.

ആത്മഹത്യാ നിരക്ക് ഇന്ന് വളരെ കൂടുതലാണ്. ഇതിന്റെ കാരണം എന്തെന്ന് നാം ചിന്തിച്ചിട്ടുണ്ടോ. സ്വയം നശിക്കുവാൻ നമുക്ക് എന്താണ് അവകാശം? ഗർഭച്ഛിദ്രം ഇന്നത്തെ വലിയ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഒരു ജീവൻ നശിപ്പിക്കുവാൻ എന്താണ് അവകാശം? ജീവന്റെമേലുള്ള അവകാശം ജീവദാതാവായ ദൈവത്തിനാണ്.



## 5. ഭൂതഗ്രസ്ഥൻ സ്വയം നിയന്ത്രിക്കാൻ കഴിവില്ലാത്തവനാണ്.

നിഷേധികളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഒരു സമൂഹത്തിൽ നാം ജീവിക്കുന്നു. വിനയം ആണ് നമുക്ക് വേണ്ടത്. കുറ്റം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിച്ച് നിഷേധികളെ സൃഷ്ടിക്കാതിരിക്കുകയാണ് ഇന്നിന്റെ ആവശ്യം. നഷ്ടപ്പെടുന്നതിനെ വീണ്ടെടുക്കുന്ന ശുശ്രൂഷയ്ക്ക് ഇവിടെ യേശു തുടക്കം കുറിക്കുന്നു. ഈ ശുശ്രൂഷയിൽ ദൈവസൃഷ്ടിയായ പന്നിക്കൂട്ടങ്ങൾ നശിക്കുന്നു. എന്നാൽ ഇവിടെ ദൈവസദൃശ്യനായ വ്യക്തിക്കാണ് സ്ഥാനം. എന്നാൽ ജനം വ്യത്യസ്തമായ നിലയിലാണ് ചിത്രീകരിക്കുന്നത്. ജനങ്ങൾ പന്നിക്കൂട്ടങ്ങളോട് വിധേയം പുലർത്തുന്നു. മനുഷ്യന് കൊടുക്കേണ്ട സ്ഥാനം പന്നിക്കൂട്ടത്തിന് കൊടുക്കുന്ന സമൂഹം. മനുഷ്യനെ വീണ്ടെടുക്കുവാൻ നശിപ്പിക്കേണ്ടത് നശിപ്പിക്കണം. ഭൂതഗ്രസ്ഥൻ സുബോധമുള്ളവനായി മാറുന്നു. എന്നാൽ സമൂഹം അവനെ അംഗീകരിക്കുന്നില്ല. സുബോധം നഷ്ടപ്പെട്ടവൻ സുബോധം പൂണ്ടാൽ അവനെ സ്വീകരിക്കാൻ സമൂഹം തയ്യാറല്ല.

തന്റെ ഭവനത്തിൽ സാക്ഷിയായിരിക്കാൻ യേശു അവനോട് ആവശ്യപ്പെടുന്നു. നമ്മുടെ ശുശ്രൂഷ നാം ആയിരിക്കുന്നിടത്ത് ചെയ്യുവാൻ കഴിയണം. അവിടെ ആയിരിക്കട്ടെ നമ്മുടെ ശുശ്രൂഷയുടെ ആരംഭം. അവൻ സുബോധം പൂണ്ടിരിക്കുന്നത് കണ്ടിട്ട് ജനം ആശ്ചര്യപ്പെട്ടു. നാം ലോകത്തെ നിരാശപ്പെടുത്തുന്നവരാണോ അതോ പ്രത്യാശ നൽകിക്കൊടുക്കുന്നവരാണോ? യേശുവാണ് യഥാർത്ഥ ആശാകേന്ദ്രം. ലോകത്തിന് ആശ്ചര്യങ്ങളായ ആശാകേന്ദ്രങ്ങളായി ഇരിക്കുവാൻ നമുക്ക് സാധിക്കണം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

# ജീവജലത്തിന്റെ ഉറവ: ക്രിസ്തു


## റവ. ഡോ. വില്യം. പി. ബാർക്കർ

### പരിഭാഷകൻ: റവ. എ.റ്റി. സക്കറിയ


ഇത് നമ്മെ സംബന്ധിച്ച് പരിപാവനമായ മണൽ തീരമാണ്. ഭൂത കാലത്ത് യേശുക്രിസ്തുവിന്റെ ജീവജലം പകർന്ന് തന്ന അനേക ദൈവമക്ക ളുടെ അനുസ്മരണം ഇത്തരുണത്തിൽ ആവശ്യമാണ്. സഭയുടെ വളർച്ച യ്ക്ക് അവർ നല്കിയ സംഭാവനകൾ വിലപ്പെട്ടതാണ്. നമ്മുടെ വിശ്വാസ ത്തിന്റെ ചലനം ഈ യോഗങ്ങൾകൊണ്ട് നമുക്ക് സാധിക്കണം.

ഉല്പത്തി പുസ്തകം 26-ാം അദ്ധ്യായത്തിൽ അബ്രഹാം കിണറുകൾ കുഴിച്ചിരുന്നു. ധാരാളം വെള്ളം അവന് ലഭ്യമായിരുന്നു. എന്നാൽ യിസ്ഹാ ക്കിന് തന്റെ പിതാവിന്റെ കിണർ ശുദ്ധിയായി സൂക്ഷിക്കുവാൻ കഴിഞ്ഞില്ല. വെള്ളത്തിന്റെ ദൗർലഭ്യം അവർക്ക് നേരിട്ടു. പുതിയ കിണറുകൾ കുഴി ക്കുവാൻ യിസ്ഹാക്ക് തീരുമാനിച്ചു. പിതാവിന്റെ ജലസ്രോതസ്സുകൾ വീണ്ടും കുഴിക്കേണ്ടത് ആവശ്യമായിരുന്നു. അബ്രഹാമിന് ദൈവത്തോട് വ്യക്തിപരമായ ഒരു സമർപ്പണമുണ്ടായിരുന്നു. എന്നാൽ പിതാവിന്റെ വിശ്വാസം തന്റെ സ്വന്ത അനുഭവവുമായി ഇഴുകി ചേർക്കുവാൻ ഇസഹാ ക്കിന് കഴിയുമായിരുന്നില്ല. നമ്മുക്ക് പൂർവ്വ പിതാക്കന്മാരുടെ വിശ്വാസ ത്തിന്റെ പാതയിൽ നടന്നുപോകുവാൻ കഴിയണം.

കുറേ വർഷങ്ങൾക്ക് മുൻപ് എനിക്ക് ഒരു അനുഭവമുണ്ടായി. അമേരിക്കയിൽ യുവജനങ്ങൾക്ക് വേണ്ടി ഒരു മീറ്റിംഗ് നടത്തുവാൻ അവസരമുണ്ടായി. മീറ്റിംഗിന്റെ മൂന്നാം ദിവസം ഒരു പെൺകുട്ടി ചില പ്രശ്നങ്ങളുമായി എന്റെ സമീപം വന്നു. മതം എന്റെ ജീവിതത്തിൽ ഇല്ല എന്തുകൊണ്ടാണ് വിശ്വാസത്തിൽ വരേണ്ടത്? എന്റെ വല്യപ്പച്ചന്റെ അത്ര മാത്രം ഉള്ളൂ യേശു. എന്റെ സമീപം അല്ല അപ്പച്ചൻ. എന്റെ ജീവിതം എന്തെന്ന് വല്യപ്പച്ചന് അറിയില്ല. ദൈവം വളരെ വളരെ അകലെയാണ്. എനിക്ക് സമീപിക്കാൻ പാടില്ലാത്തതുപോലെ. എന്നായിരുന്നു അവളുടെ സംശയം. ജീവിതത്തിന്റെ അർത്ഥം എന്താണെന്ന് ഞാൻ ആ പെൺകുട്ടി യോട് പറഞ്ഞു. ഒരു ഡോക്ടറിന്റെ സാമൂഹിക അംഗീകാരവും അന്തസ്സും അവൾക്ക് വ്യക്തമായി അറിയാമായിരുന്നു. എന്നാൽ ദൈവത്തെപ്പറ്റിയുള്ള അവളുടെ ധാരണകൾ തെറ്റായിരുന്നു. ദൈവവുമായി ബന്ധപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഞാൻ അവളെ ബോധവതിയാക്കി. ഒരുപക്ഷെ ഇങ്ങ നെയുള്ള വ്യക്തി ജീവിതങ്ങൾ ഇന്നും ഉണ്ടായേക്കാം. ഭൗതികമായ സമ്പന്നത ജീവിതത്തിൽ സംതൃപ്തി നൽകി തരണമെന്നില്ല. അടിസ്ഥാന പരമായി നമ്മുടെ ദാഹത്തെ ശമിപ്പിക്കുവാൻ ലോകത്തിന് കഴിയുന്നില്ല. നമ്മുടെ അധികാരങ്ങളോ സാമൂഹ്യ സ്ഥാനമാനങ്ങളോ നമുക്ക് സംതൃപ്തി നൽകുന്നില്ല.

യെശയ്യ 55:1-ൽ ബാബിലോണിൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങ ളെപ്പറ്റി എഴുതിയിരിക്കുന്നു. ദൈവം തങ്ങളെ മറന്നു എന്ന് അവൻ ചി ന്തിച്ചു. ഇവിടെ ഒരു മനുഷ്യൻ ഒരു പാത്രത്തിൽ വെള്ളം നൽകുന്ന ചിത്രം കാണുവാൻ കഴിയും. ദാഹിക്കുന്ന ഏവനും വന്ന് കുടിക്കട്ടെ എന്ന് ആഹ്വാനം ചെയ്യുന്നു. യേശുക്രിസ്തു പറയുന്നു-"ഞാൻ ജീവന്റെ ജലമാകുന്നു. എന്നെ കുടിക്കുന്നവർ ഒരുനാളും ദാഹിക്കുകയില്ല".

യോഹ. 4-ാം അദ്ധ്യായത്തിൽ ശമര്യാക്കാരി സ്ത്രീയെപ്പറ്റി പറയുന്നു. യേശു ദാഹജലത്തിനായി കിണറിന്റെ അരികിലേക്ക് നടന്നുവന്നു. ഗ്രാമ ത്തിൽനിന്നും ഒരു സ്ത്രീ വെള്ളം കോരുവാൻ കിണറ്റിനരികെ വന്നു. സാധാരണ സ്ത്രീകൾ രാവിലെയും വൈകുന്നേരവും മാത്രമേ വെള്ളം കോരുവാൻ വരികയുള്ളൂ. എന്നാൽ അവൾ പാപിനിയായിരുന്നു. കുടിക്കു ന്നതിനുവേണ്ടി സ്ത്രീയോട് യേശു വെള്ളം ചോദിച്ചു. യേശു ഈ സ്ത്രീയെ തിരിച്ചറിഞ്ഞു. 4:10-ൽ യേശു അവളോട് നിന്നോട് സംസാരിക്കുന്നവനെ ക്കുറിച്ച് നീ അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ജീവന്റെ ജലം ചോദി ക്കുമായിരുന്നു" എന്ന് അരുളിച്ചെയ്തു. 4:13-ൽ ഈ വെള്ളം കുടിക്കുന്നവന് പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല. അവൾ വളരെ ധൈര്യത്തോടെ മറുപടി പറയുന്നു. യേശു സത്യത്തിനുവേണ്ടി ശമര്യാസ്ത്രീയെ വെല്ലുവിളിക്കുന്നു. തന്റെ ജീവിതാനുഭവങ്ങളെ യേശുവിന് വ്യക്തമായി മനസ്സിലായി എന്ന് അവൾ ഗ്രഹിച്ചു.

ആരാധനയെപ്പറ്റിയുള്ള ഒരു സംവാദം ഇവിടെ നടക്കുന്നു. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം എന്ന് യേശു ഉപദേശിക്കുന്നു. ജീവന്റെ ജലമായ മശിഹായായി തന്നെതന്നെ വെളിപ്പെടുത്തി. ജീവജലത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ നമുക്ക് ഏവർക്കും ആഗ്രഹമുണ്ട്. ജീവിതത്തിൽ നേടിയെടുക്കുന്നതൊന്നും യേശുക്രിസ്തുവിനെ കൂടാതെ അർത്ഥപൂർണ്ണമല്ല. ദൈവത്തോടുള്ള ബന്ധ ത്തിൽ മാത്രമേ അർത്ഥപൂർണ്ണമായ ബന്ധങ്ങൾ സ്ഥാപിക്കുവാൻ കഴിയൂ. ജീവജലത്തിന്റെ ഉറവ യേശുക്രിസ്തുവാണ്. നമ്മുടെ ശക്തിയുടെ അടി സ്ഥാന ശ്രോതസിന്റെ (വിശ്വാസത്തെ) കണ്ടുപിടിക്കുവാൻ നമുക്ക് കഴിയണം. വിശ്വാസത്തിന്റെ പഴയ കിണറുകൾ നാം വീണ്ടും കുഴിക്കേണ്ടി യിരിക്കുന്നു. പലപ്പോഴും പാപം ഈ കിണറിനെ മൂടിക്കളഞ്ഞിരിക്കുന്നു. തിരക്കേറിയ ജീവിതത്തിന്റെ ശൈലി കിണറുകളെ മൂടിക്കളഞ്ഞിരിക്കുന്നു.

പഴയ കാലത്ത് കിണർ കുഴിക്കുക എന്നത് വളരെ കഠിനമായ ജോലിയായിരുന്നു. വിശ്വാസത്തിന്റെ കിണറുകൾ സൂക്ഷിക്കുക എന്നതും വളരെ കാഠിന്യം നിറഞ്ഞ നടപടിയാണ്. വിശ്വാസത്തെ സംബന്ധിച്ച് വളരെയധികം പരിശീലനവും ശിക്ഷണവും ആവശ്യമാണ്. ഒരു ക്രിസ്ത്യാനി യായ നമുക്കും ശിക്ഷണം ആവശ്യമാണ്. പ്രധാനമായ 6 കാര്യങ്ങൾ ഇവിടെ ശ്രദ്ധാർഹമാണ്.

1. *നാം പ്രാർത്ഥനാ ശീലമുള്ളവരായിരിക്കണം.* പല ആളുകൾക്കും തിരക്ക് മൂലം പ്രാർത്ഥന സാധ്യമായി വരുന്നില്ല. നാം പ്രാർത്ഥിക്കുന്ന ജനതയായി തീരണം. പ്രാർത്ഥനയുടെ ശിക്ഷണം നമ്മുടെ ജീവിത ത്തിൽ ഉണ്ടായിരിക്കണം.
2. *ദൈവവചനം പഠിക്കുവാൻ സമയം കണ്ടെത്തണം.* ദൈവം ദൈവ വചനത്തിലൂടെ നമ്മോട് സംസാരിക്കുന്നു. സഭ വേദപുസ്തകത്തെ അവഗണിച്ചാൽ വിശ്വാസം നമുക്ക് നഷ്ടപ്പെടും.
3. *ആരാധന-* ആരാധന എന്നത് ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു അനുഭവമാണ്. ദൈവം നമുക്ക് നിശ്ചയിച്ചിരിക്കുന്ന സമയത്ത് ആരാ ധിക്കുവാൻ നമുക്ക് കഴിയണം. ആരാധന എല്ലായ്പ്പോഴും നടക്കേണ്ട ഒരു അനുഭവമാണ്. വിശുദ്ധ കുർബ്ബാനയിൽ ഇത് കാണുവാൻ നമുക്ക് സാധിക്കും.
4. *നമുക്കുള്ളത് പങ്കുവയ്ക്കുന്ന അനുഭവം.* ദുരാഗ്രഹം വിശ്വാസത്തിന്റെ ചാലക ശക്തിയെ തകർത്തുകളയും. ക്രിസ്ത്യാനിയുടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നത്.
5. *മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന മനോഭാവം.* യേശുക്രിസ്തു തന്റെ ശിഷ്യ ന്മാരുടെ കാലുകൾ കഴുകി. കർത്താവായ യേശുക്രിസ്തു തന്റെ സാമൂ ഹ്യ സ്ഥാനങ്ങളെ മാറ്റിവച്ച് ക്രൂശിൽ യാഗമായി തീർന്നു.
6. *കർത്താവിനെ സാക്ഷീകരിക്കുക.* സ്വന്ത വാചകത്തിൽ നമുക്ക് കർത്താവ് ആരാണ് എന്താണ് എന്നുള്ളത് നമ്മുടെ വിശ്വാസത്തിലൂടെ പങ്കുവയ്ക്കണം.

ഈ ആറു കാര്യങ്ങളും ക്രിസ്തീയ ശിക്ഷണത്തിന്റെ അടിസ്ഥാന പ്രമാണങ്ങളാണ്.

സഭയെക്കുറിച്ച് നമുക്ക് ചിന്തിക്കാം. യേശുക്രിസ്തുവിന്റെ സുവിശേഷം സഭ എങ്ങനെ പങ്കിടണം? വിശ്വാസത്തിന്റെ കിണറുകൾ നാം കുഴിക്കു മെങ്കിൽ വരും തലമുറയിലേക്ക് നമുക്ക് ഈ ജീവജലം പകർന്നു കൊടു ക്കുവാൻ കഴിയും. ഇന്നത്തെ സമൂഹത്തിൽ ക്രിസ്തുവിനെതിരായി മൂല്യ ങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന മൂല്യബോധം തങ്ങൾക്കുവേണ്ടി മാത്രം സമ്പാദിക്കുക എന്നതാണ്. സ്വന്തം നിലനിൽപ് മാത്രമാണ് ഇന്ന് കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന മൂല്യ സങ്കൽപം. നാം വളരുന്ന സമൂഹത്തിൽ ജീവിത വിശുദ്ധി ഉണ്ടായിരിക്കേണ്ടത് ആ വശ്യമാണ്. എന്നാൽ ഇത് പല വ്യക്തികൾക്കും അപ്രധാനങ്ങളായി മാ റുന്നു. ആത്മഹത്യ വളരെയധികം വർദ്ധിച്ചുവരുന്നു. ഇന്നത്തെ സംസ്കാരം ജീവന്റെ തുടിപ്പുകളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസത്തിന്റെ ഉറവ കൾ പകർന്നുകൊടുക്കുക എന്ന ദൗത്യം സഭയ്ക്ക് ഇത്തരുണത്തിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസം ഒരിക്കലും ഒരു കേട്ടുകേഴ്‌വിയില്ല. ക്രിസ്തുവാകുന്ന ജീവജലത്തിന്റെ അനുഭവത്തിലേക്ക് മറ്റുള്ളവരെ നയിക്കുവാൻ നമുക്ക് കഴിയണം. എന്നെയും നിങ്ങളെയും വിളിക്കുന്നത് ജീവജലത്തിന്റെ ഉറവ യായ ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുവാനാണ്. പരിശുദ്ധാ ത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ജീവജലത്തിന്റെ ഉറവയായ കർത്താവ് നമ്മോടൊപ്പം എപ്പോഴും ഉണ്ട്. നമ്മുടെ തലമുറകളോട് ജീവജലത്തിന്റെ ഉറവയെപ്പറ്റി പറയുവാൻ നമുക്ക് കഴിയണം.

*പ്രസംഗകൻ : റവ. ഡോ. സാമുവേൽ കമലേശൻ*

# ഉത്തമ കുടുംബം സമൂഹത്തിന്റെ ശക്തമായ അടിത്തറ

കുടുംബത്തിൽ ഇന്ന് പാപത്തിന്റെ ശാപങ്ങൾ നിലനിൽക്കുന്നു. ചെയ്യേണ്ടതു പലതും നാം ചെയ്യുന്നില്ല. യേശുവിൻ കുടുംബത്തിൽ സന്തോഷവും സമാധാനവും ആനന്ദാതിരേകവും ഉണ്ട്. കാരണം രാജാധി രാജൻ യേശുവാണ് അതിന്റെ നായകൻ.

ഇന്ന് കേരളത്തിൽ വലിയ മാളികകൾ കാണാം. അവിടെ താമസിക്കുന്നത് രണ്ടുപേർ മാത്രം. വീടുകൾ പരിഷ്കരിക്കുന്ന കാര്യത്തിലും നാം പിന്നിലല്ല. വീടുകൾ പരിഷ്കരിക്കുമ്പോൾ നാലു കാര്യങ്ങൾ നമുക്ക് ബോധ്യപ്പെടും.

1. ആഗ്രഹിക്കുന്നതിനേക്കാൾ സമയം വേണ്ടിവരും.
2. ധാരാളം പണച്ചിലവുണ്ട്.
3. നിലവിലുള്ള വീടിന്റെ സംവിധാനം അലങ്കോലപ്പെടുന്നു.
4. വളരെ നിശ്ചയദാർഢ്യത്തോടുകൂടി നമുക്കു മുമ്പോട്ടു പോകേണ്ടിവരും.



നമ്മുടെ കുടുംബമാകുന്ന ഭവനം പുനർക്രമീകരണം ചെയ്യണമെങ്കിൽ ഉത്തമ ശിൽപിയായ ദൈവത്തിന്റെ അനുവാദവും അനുഗ്രഹവും നമുക്കാവശ്യമാണ്.

ഉൽപ്പത്തി 2:18-25 ൽ മനുഷ്യനെ നിർമ്മിച്ച ശിൽപിയുടെ ആഗ്രഹമെന്താണെന്ന് വ്യക്തമാക്കുന്നു.

*ശിൽപി നമ്മോട് ആവശ്യപ്പെടുന്നത് എന്താണ് ?*

ഉൽപ്പത്തി 1:12,18, 21, 31 വാക്യങ്ങളിൽ ദൈവം സൃഷ്ടിച്ചത് എല്ലാം നല്ലത് എന്നു പറയുന്നു. ഉൽപ്പത്തി പുസ്തകം 2-ാം അദ്ധ്യായത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് ദൈവം കണ്ടു.

മനുഷ്യൻ ഏകനായിരിക്കുമ്പോൾ അവൻ അപൂർണ്ണനാണ്. ദൈവവുമായുള്ള ബന്ധത്തിൽ നിന്നും ലഭിക്കുന്ന നന്മകൾ പങ്കുവയ്ക്കപ്പെടണം.

ഉൽപ്പത്തി 2:18-ൽ "അനന്തരം യഹോവയായ ദൈവം, മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവന്നു തക്കതായ ഒരു തുണം ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു". ശൂന്യത നികത്തുന്നതിനായി പുരുഷന് യോജിക്കുന്ന ഒരാളായി സ്ത്രീയെ സൃഷ്ടിച്ചു. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന അതേ പ്രയോഗംതന്നെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുവാൻ വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ഇനി പുതിയ നിയമഭാഗത്തേക്ക് നമുക്കു ശ്രദ്ധ തിരിക്കാം. എഫേ. 5:21. എന്തിനാണ് കുടുംബത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കേണ്ടത്. വിട്ടുവീഴ്ച കുടുംബത്തിൽ അത്യാവശ്യമാണ്. ഞാനും പരിഭാഷ ചെയ്യുന്ന അച്ചനും തമ്മിൽ ഒരുമിച്ചു നിന്നില്ലെങ്കിൽ ഞാൻ പറയുന്നതൊക്കെ അബദ്ധമായി മാറും. അച്ചൻ അച്ചന്റെ സ്വാതന്ത്ര്യമാണ് അടിയറ വയ്ക്കുന്നത്. ഇവിടെ കീഴടക്കുകയല്ല, കീഴടങ്ങുകയാണ്. ക്രിസ്തീയ കുടുംബത്തിൽ ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കീഴ്പ്പെട്ടിരിക്കുന്നു. ഇരുവരും കർത്താവിന് കീഴ്പ്പെട്ടിരിക്കുന്നു.

എഫേ. 5:22-ൽ പൗലൊസ് ഇത് ഊന്നിപ്പറയുന്നു. 'കീഴടങ്ങിയിരിക്കുക' എന്നത് കീഴടക്കുക എന്നല്ല. മറിച്ച് ക്രിസ്തുവുമായുള്ള ബന്ധത്തിലുള്ള സമർപ്പണമാണ്.

1 കോരി. 11:3.......... രണ്ടുപേർ ഒന്നിച്ചു ചേർന്ന് ചെയ്യേണ്ട കാര്യമാണ് നാം അവിടെ കാണുന്നത്. ഇത് പദവിയേക്കാൾ ഉത്തരവാദിത്വമാണ്.

സ്ത്രീ എന്നത് ഏതോ ഒരു അപകട സമയത്ത് ദൈവം കാണിച്ച ബുദ്ധിമോശമല്ല. ഉൽപ്പത്തി. 2:24-ൽ ക്രിസ്തീയ കുടുംബത്തിന്റെ അടിത്തറ ഭാര്യയും ഭർത്താവും തമ്മിലുള്ള ഐക്യമാണെന്നു കാണാം. കർത്താവും പൗലോസ് അപ്പൊസ്തോലനും കുടുംബത്തെപ്പറ്റി പറയുമ്പോഴൊക്കെയും ഇതുതന്നെയാണ് വിവക്ഷ. ക്രിസ്തീയ കുടുംബത്തെപ്പറ്റി സുപ്രധാനമായ ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നു.

1. അവർ പഴയ ബന്ധങ്ങൾ വിട്ടു പിരിയുന്നു:- ഇത് അപ്പനോടും അമ്മയോടും ബാധ്യത ഇല്ല എന്നുള്ളതല്ല പ്രത്യുത അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് കുടുംബം എന്ന പുനഃസൃഷ്ടി നടത്തുകയാണ് ചെയ്യുന്നത്.
2. പറ്റിച്ചേരുന്ന അനുഭവം:- ഇത് സ്ഥായിയായ അനുഭവമാണ്. സ്നേഹവും സമർപ്പണവും കുടുംബജീവിതത്തിൽ ആവശ്യംവേണ്ട കാര്യങ്ങളാണ്. സ്നേഹം നമ്മിൽനിന്ന് അർപ്പണം ആവശ്യപ്പെടുന്നു. സ്നേഹവും അർപ്പണവും ചേർന്ന് മൂന്നാമത്തെ ഗുണമായി ഐക്യം ഉണ്ടാക്കുന്നു.

ദക്ഷിണ ആഫ്രിക്കയിലെ ആമസോൺ നദി, രണ്ടു ചെറു നദികൾ ചേർന്നതാണ്. ഒന്നിന് കറുത്ത നിറവും മറ്റൊന്നിന് ചുവന്ന നിറവുമാണ്. ഇത് രണ്ടും ചേർന്ന് ഒഴുകുന്നു. പക്ഷെ ആ നദിയിലെ മൽസ്യങ്ങൾ ഇവയൊന്നും അറിയാതെ അതിൽ ജീവിക്കുന്നു. ഇതുപോലെയാണ് നമ്മുടെ ജീവിതവും.

ആമസോമിന് മറ്റൊരു ഗുണ വിശേഷംകൂടിയുണ്ട്. എത്ര വലിയ കപ്പൽ വേണമെങ്കിലും അതിലൂടെ പോകുന്നു. കറുത്ത വെള്ളവും ചുവന്ന വെള്ളവും ഒരുമിച്ചാണ് ഈ കപ്പലിനെ വഹിക്കുന്നത്. അവർ പരസ്പരം കലഹിക്കുന്നില്ല. ഇരുവരും ചേർന്ന് ഭാരം വഹിക്കുന്നു.



*ക്രിസ്തീയ കുടുംബത്തിൽ എങ്ങനെയാണ് ഐക്യം ഉണ്ടാകേണ്ടത്.*

വി: പൗലോസിന് ഭർത്താക്കന്മാരോട് പറയാനുള്ളത് എഫേ. 5:28-ൽ പറയുന്നു. ക്രിസ്തീയ കുടുംബത്തിലെ സ്നേഹം അകമേ നിന്ന് ഉയരേണ്ടതാണ്. ഭവനത്തിലെ അഭിപ്രായ വ്യത്യാസം തീർക്കുവാൻ ഭർത്താവാണ് ആദ്യം ശ്രമിക്കേണ്ടത്. ഇത് പുരുഷന്റെ ചുമതലയാണ്.

5:27-29 വാക്യങ്ങളിൽ സ്നേഹം അംഗീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യേണ്ട ഒരു ഗുണമായി കാണുന്നു. മറ്റൊരുവനെ നമുക്കുവേണ്ടി രൂപപ്പെടുത്തുവാൻ സാധ്യമല്ല. കുശവന്റെ കയ്യിലെ കളിമണ്ണുപോലെ ദൈവത്തിന് വഴങ്ങിക്കൊടുക്കുക മാത്രമേ നമുക്കു ചെയ്യുവാൻ കഴിയൂ. പുരുഷനും സ്ത്രീക്കും പരസ്പരം രൂപപ്പെടുത്തുവാൻ കഴിയും. പക്ഷെ അതിനു സമയം ആവശ്യമാണ്. പുരുഷന്മാരേ നിങ്ങളുടെ ഭാര്യയെ നിങ്ങൾക്കു സ്നേഹിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ മറ്റൊരു സ്ത്രീയെ മനസ്സിൽവച്ചു പൂജിക്കുന്നു എന്നർത്ഥം. സ്നേഹിതാ ഇത് ഏതു സംസ്കാരത്തിലും അപകടകരമാണ്. നിങ്ങളുടെ ഭാര്യ സുന്ദരിയാണെന്ന് അവസാനമായിയെപ്പോഴാണ് നിങ്ങൾ അവളോട് പറഞ്ഞിട്ടുള്ളത്. നിങ്ങൾ ചിന്തിക്കുക. ഭാര്യയോട് നിങ്ങൾക്ക് കടപ്പാടും സ്നേഹവും ഉണ്ട്.

5. അത് വളരുന്ന സ്നേഹമാണ്. നാൾതോറും വളരുന്ന സ്നേഹം. കുട്ടികളെ സംബന്ധിച്ച് ഒരു വാക്ക് പറയട്ടെ. ചില കാര്യങ്ങൾ മാതാപിതാക്കളോട് എനിക്ക് പറയുവാനുണ്ട്.

കൗമാര പ്രായക്കാർ സാധാരണയായി പറയുന്ന പരാതികളാണിവ.

1. മാതാപിതാക്കൾ പറയുന്ന കാര്യത്തിൽ നിജമില്ലാത്തവരാണ്.
2. അപ്പന്മാർ തെറ്റുചെയ്താൽ ഒരിക്കലും തെറ്റാണെന്ന് സമ്മതിക്കുന്നില്ല.
3. കുട്ടികൾ എന്തെങ്കിലും ചോദിച്ചാൽ അവരോട് സത്യസന്ധമായ ഉത്തരം പറയുവാൻ നാം വിമുഖത കാണിക്കുന്നു.
4. കുട്ടികൾക്ക് അവരുടേതായ വ്യക്തിത്വം ഉണ്ടാക്കിയെടുക്കുവാൻ നാം അനുവദിക്കുന്നില്ല.
5. അപ്രധാനമായ കാര്യങ്ങൾക്ക് അവർ അമിത പ്രാധാന്യം നല്കുന്നു. എന്നാൽ പ്രാധാന്യമുള്ള കാര്യങ്ങൾ ലഘൂകരിച്ചു കാണിക്കുകയും ചെയ്യുന്നു.
6. ജീവിതത്തിലെ പ്രശ്നങ്ങളുടെ കാരണം അന്വേഷിക്കാറില്ല.
7. കുഞ്ഞുങ്ങൾക്ക് നാം മതിയായ അംഗീകാരം നല്കണം.
8. പരാജയപ്പെടുവാനുള്ള അനുവാദം കുട്ടികൾക്ക് ശിക്ഷണത്തോടൊപ്പം നൽകണം.
9. യൗവന പ്രായക്കാരോടൊപ്പം സമയം ചെലവഴിക്കുവാൻ മാതാപിതാക്കൾക്ക് പലപ്പോഴും കഴിയുന്നില്ല.

നാം ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നില്ല എങ്കിൽ ആ ബാങ്കിൽ നിന്നും ചെക്കെഴുതുവാൻ സാധിക്കാത്തതുപോലെ, അവർക്കുവേണ്ടി സമയം ചെലവിടാതെ അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കരുത്.

അനുരഞ്ജനത്തിനുവേണ്ടിയുള്ള അനുസരണം നമുക്കാവശ്യമാണ്. അനുരഞ്ജനത്തിന്റെ ഒരു വാക്ക് ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ പറയാൻ കഴിയുമോ? നിങ്ങളുടെ സ്വാതന്ത്ര്യം നിങ്ങൾക്ക് പണയപ്പെടുത്തുവാൻ കഴിയുമോ? അനുസരണത്തോടെ ദൈവത്തെ അനുഗമിക്കുവാൻ കഴിയുമോ?

സമർപ്പണത്തിന്റെ ഭൂമിയായ മാതാമൺ അതിനായി മാറട്ടെ. ഞങ്ങളോ ഒന്നാക്കിത്തീർക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഞാൻ എന്റെ സ്വാതന്ത്ര്യം എന്റെ പങ്കാളിയുടെ മുമ്പിൽ അടിയറവെയ്ക്കുന്നു എന്നു പറയുവാൻ കഴിയുമോ? ഞങ്ങളുടെ ജീവിതം മാതൃകയാക്കി ഞങ്ങളുടെ കുഞ്ഞുങ്ങൾ വളരുന്നു എന്ന ബോധം ഞങ്ങൾക്കു തരേണമേ എന്ന് പ്രാർത്ഥിക്കാം.

## *മാർത്തോമ്മാ സണ്ടേസ്കൂൾ സമാജത്തിന്റെ നവതിയാഘോഷങ്ങളുടെ സമാപന സമ്മേളനം*

*അദ്ധ്യക്ഷൻ : റൈറ്റ്. റവ. ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ്*

**അദ്ധ്യക്ഷ പ്രസംഗം**

# യേശുവിലേക്ക് കുട്ടികളെ ആനയിക്കുക

*സാക്ഷര കേരളം സുന്ദര കേരളം എന്നു പറയുമെങ്കിലും ഇന്നത്തെ കുട്ടികളുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ രാക്ഷസ കേരളമാണോ എന്ന് സംശയം തോന്നും. ഇത്തരുണത്തിൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ഒന്ന്, യേശുവിനെ അവർക്കു കൊടുക്കുവാൻ നമുക്കു കഴിയണം. തീർച്ചയായും യേശുവില്ലാത്ത ജീവിതം ശൂന്യമാണ്.*

*രണ്ട്, സ്കൂളിലേക്ക് പോകുമ്പോൾ നാം നല്ല തയ്യാറെടുപ്പുകൾ നടത്തും. എന്നാൽ മനസ്സിനെ രൂപപ്പെടുത്തുന്ന സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ എത്രമാത്രം ശുഷ്കാന്തിയോടെയാണ് പരിശ്രമിക്കുന്നത്.*

*പാപപങ്കിലമായ നമ്മുടെ വസ്ത്രം ഊരുവാൻ, കർത്താവിന്റെ തേജസ്സു ധരിക്കുവാൻ ഈ കൺവൻഷൻ സഹായിക്കട്ടെ. അതാണ് സുവിശേഷം. 'നിന്റെ വാക്കുപോലെ സംഭവിക്കട്ടെ' എന്നു നമുക്കു പറയുവാൻ സാധിക്കണമെന്നു മാത്രം. ജീവിതത്തിന്റെ ദുർഗ്ഗന്ധം മാറ്റി സുഗന്ധം പരത്തുവാൻ നമുക്ക് കഴിയണം. സുന്ദര വസ്ത്രവുമായി അനുഗ്രഹിക്കപ്പെട്ട ക്രമീകരണങ്ങളുമായി ദൈവം നമ്മുടെ ഇടയിലുണ്ട്. ദൈവീക അലങ്കാര വസ്ത്രങ്ങളോടെ സുന്ദരമായ ജീവിതം നയിക്കുവാൻ ഈ നവതിയാഘോഷ പരിപാടികൾ നമ്മെ സഹായിക്കട്ടെ.*






റൈറ്റ്. റവ. ഡോ. ഗീവർഗീസ് മാർ തീയഡോഷ്യസ്

*ലൂക്കൊ. 12:13 മുതൽ 21 വരെ*

# "ദൈവ വിഷയമായി സമ്പന്നരാകുവിൻ"

ഈ വർഷത്തെ മാരാമൺ കൺവൻഷന്റെ പ്രധാന ചിന്താവിഷയം "ദൈവത്തിങ്കലേക്ക് തിരിയുക പ്രത്യാശയിൽ സന്തോഷിക്കുക" എന്നതാണ്. ലോകത്തിന് നൽകപ്പെട്ട പ്രത്യാശ കർത്താവായ യേശുക്രിസ്തുവാകുന്നു. മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുക എന്നതാണ് ഇതിന്റെ അർത്ഥം. ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇന്ന് ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു പാപത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. മനുഷ്യന് ദൈവം നൽകിയിരിക്കുന്ന ഒരു ദാന മാണ് സമ്പത്ത്. എന്നാൽ ദൈവത്തിന്റെ ദാനമായ ഈ സമ്പത്തിനെ ദൈവദാനം എന്ന് ചിന്തിക്കാതെ സമ്പത്തിനെ ദൈവമാക്കുന്നതാണ് ആധുനിക പാപം.

ഇവിടെ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ വരുന്നു. ദൈവ സന്നിധിയിൽ വരുന്ന മനു ഷ്യൻ ആഗ്രഹിക്കേണ്ടത് ദൈവത്തിൽനിന്നും എങ്ങനെ അനുഗ്രഹം പ്രാപിക്കാം എന്നതായിരിക്കണം. എന്നാൽ ഈ മനുഷ്യൻ തന്റെ ആഗ്രഹം നേടിയെടുക്കുവാൻ എപ്രകാരം ദൈവത്തെ ഉപയോഗിക്കാം എന്ന് ചിന്തിക്കുന്നു. ഈ മനുഷ്യനെ ബോധവാനാക്കുന്നതിനുവേണ്ടി യേശു ഒരു ഉപമ ഇവിടെ ഉപയോഗിക്കുന്നു. ധനികനായ ഒരു മനുഷ്യന്റെ ഉപമയാണ് കർത്താവ് ഇവിടെ ഉപയോഗിക്കുന്നത്. ധനവാനായ മനുഷ്യന്റെ ധനപരമായ വിഷയങ്ങളിൽ യേശു ചില നിർദ്ദേശങ്ങൾ നൽകിയപ്പോൾ അതിനോടുള്ള പ്രതികരണം എന്നവണ്ണം ധനവാൻ ദുഃഖിതനായി മടങ്ങിപ്പോയി. ധനവും സമ്പത്തും തിന്മയാണ് എന്ന് പറയുന്നതിനല്ല കർത്താവ് ശ്രമിച്ചത്. മറിച്ച് ദൈവവിഷയമായി സമ്പന്നനാകുക എന്നതാകുന്നു. യേശുക്രിസ്തു നിരാലംബരോടും ആശയറ്റവരോടും കൂടെ സഹവസിക്കുവാൻ താല്പര്യപ്പെടുകയും ചെയ്തു.

താൻ ഉദ്ദേശിച്ചതിന് ഉപരിയായി സമൃദ്ധി വർദ്ധിച്ചപ്പോൾ ധനവാനായ മനുഷ്യന്റെ ഉള്ളിൽ അഹം എന്ന ഭാവം ഉടലെടുത്തു. അത് അവനെ അഹങ്കാരിയാക്കിത്തീർക്കുന്നു. ദൈവത്തിന്റെ ദാനം എന്ന് ചിന്തിക്കേണ്ട മനുഷ്യൻ സ്വന്ത കഴിവുകളിൽ പ്രശംസിക്കുന്നു. കർത്താവ് ഈ മനുഷ്യനെ ഒരു ഭീരുവായും ഭോഷനായും ചിത്രീകരിക്കുന്നു. ഇന്നത്തെ ചുറ്റുപാടുകളിൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആർജ്ജിക്കുന്നതിന് മാർഗ്ഗങ്ങൾ നമ്മുടെ മുൻപിൽതുറക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനുവേണ്ടി മാത്രം ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്ന പ്രവണത ഇന്നത്തെ സമൂഹത്തിൽ കാണുന്നു. യൂദായുടെ അനുഭവം ഇതിന് ഉദാഹരണമാണ്. എന്നാൽ ഈ സമ്പത്ത് നമ്മുടെ ജീവിതത്തിൽ ആധിപത്യം പുലർത്തി നമ്മെ അടിമയാക്കും എന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ ആവശ്യമുള്ളത് ലഭിക്കുന്നത് നല്ലതാണ്. പക്ഷേ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കണം എന്ന് ചിന്തിക്കുന്നത് അപകടമാണ്. മനുഷ്യന് കൂടുതൽ സമ്പത്ത് സ്വരൂപിക്കുവാൻ ഉള്ള പ്രവണത ദൈവം നമുക്ക് തന്നിട്ടുള്ള അനുഗ്രഹവും സ്നേഹവും മറ്റുള്ളവർക്ക് നൽകുന്നതിൽനിന്ന് നമ്മെ തടയുന്നു. ഈ ഉപമയിൽ ധനവാനായ മനുഷ്യന്റെ പ്രതികരണവും ഇതുതന്നെയാണ്. തന്റെ കളപ്പുരകളെ വർദ്ധിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. സമ്പാദ്യം മോഹിക്കുന്നവൻ സമ്പാദ്യംകൊണ്ട് തൃപ്തി അടയുകയില്ല. ജീവിതത്തിൽ തൃപ്തിയടയുവാൻ ദൈവവിഷയമായി നാം സമ്പന്നരാകണം. ധനമോഹം ജീവിതത്തിൽ നിഷ്ക്രിയത്വം വർദ്ധിക്കുന്നതിന് കാരണമായി തീരുന്നു. ജീവിതത്തിന്റെ നഷ്ടങ്ങളുടെ പട്ടിക എണ്ണി ദുഃഖിക്കുന്ന ധനികർ ഇന്നത്തെ സമൂഹത്തിൽ വിരളമല്ല.

ആവശ്യങ്ങൾ നിറവേറ്റുകയും ആഗ്രഹങ്ങളെ അതിജീവിക്കുകയും ചെയ്യുക എന്നതാണ് കരണീയമായിട്ടുള്ളത്. തനിക്ക് തന്നേ നിക്ഷേപിക്കരുത് എന്ന് 21-ാം വാക്യത്തിലൂടെ കർത്താവ് പറയുന്നു. നമ്മുടെ ജീവിതത്തിൽ തിരുത്തേണ്ടതായ പിഴവുകൾ ഉണ്ടോ? എങ്കിൽ അത് തിരുത്തി ദൈവവിഷയമായി സമ്പന്നനാകുവാൻ നമുക്ക് സാധിക്കണം.



നമ്മുടെ ജീവിതം ഇന്ന് സമ്പത്തിൽ കുടുങ്ങിയിരിക്കുന്നുവെങ്കിൽ അതിൽ നിന്നും വിമുക്തി നേടുവാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിൽ സുരക്ഷിതത്വം നൽകും എന്ന് ചിന്തിക്കുന്ന കാര്യങ്ങൾ നാളെ അസ്ഥിരമായി മാറിയേക്കാം. ദ്രവ്യാഗ്രഹത്തിൽ മാത്രം മനസ്സ് കേന്ദ്രീകരിച്ച് പോകാതെ ദൈവ ഇഷ്ടം മനസ്സിലാക്കി അത് പ്രാവർത്തികമാക്കുവാൻ നമുക്ക് സാധിക്കണം. ദൈവം നമുക്ക് തന്നിട്ടുള്ളത് ദൈവഹിതത്തിനായി വ്യവസ്ഥ കൂടാതെ സമർപ്പിക്കുവാൻ നമ്മുക്ക് സാധിക്കണം.

ദൈവകൃപയുടെ അവകാശികളാകുവാൻ ദൈവം നമുക്ക് കുടുംബ ജീവിതം നൽകിയിരിക്കുന്നു. മക്കൾ ദൈവത്തിന്റെ ദാനം എന്ന് നമുക്ക് ചിന്തിക്കുവാൻ കഴിയുന്നുണ്ടോ? ഇന്ന് സമൂഹത്തിൽ തെരുവു കുട്ടികൾ, കുട്ടിതൊഴിലാളികൾ മുതലായവ വർദ്ധിക്കുന്നതിന് കാരണമെന്താണ്? ദൈവത്തിന്റെ ദാനത്തെ നാം അവഗണിക്കുന്നു എന്നാണ് ഇത് വെളിവാക്കുന്നത്. സമൂഹത്തോട് നമുക്ക് ഒരു കടപ്പാടുണ്ട്. മറ്റുള്ളവരെ സ്നേഹിക്കുന്നതിനും കരുതുന്നതിനും നാം മറന്നു പോകരുത്. ദൈവത്തിൽ ആശ്രയം വെക്കാതെ ഭൗതികതയിൽ ആശ്രയം വെക്കുമ്പോൾ 'മൂഢാ' എന്ന വിളി നാം കേൾക്കേണ്ടിവരും. ദൈവരാജ്യത്തിന്റെ സന്ദേശം ലോകത്തിന് നൽകപ്പെടുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് ദൈവരാജ്യത്തിന്റെ അനുഭവം ദർശിക്കുവാൻ കഴിയണം. ദൈവ വിഷയത്തിൽ 'സമ്പന്നരാകുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ഈ ദൈവത്തേക്കാൾ അധികമായി ധനത്തെ മോഹിക്കുവാൻ നമുക്ക് ഇടയായിട്ടുണ്ടോ? രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞ്കൊൾവിൻ". വസ്തുവകയല്ല മനുഷ്യനെ സമ്പന്നനാക്കുന്നത്. ദൈവം വലിയവൻ എന്നറിഞ്ഞ് ദൈവത്തിൽ ആശ്രയിപ്പാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

# റവ. ഡോ. വില്യം. പി. ബാർക്കർ

<u>*പരിഭാഷ: റവ.ജോർജ്ജ് മാത്യു.*</u>

## *വിഷയം:-* "സ്ത്രീകളോടുള്ള യേശുവിന്റെ സമീപനം"

ആദിമ കാലത്തെ വിശ്വാസം സ്ത്രീകൾ ജോലികൾ ചെയ്യുന്നതിന് വേണ്ടി മാത്രമായി നിയമിക്കപ്പെട്ടവർ എന്നാണ്. ഭവനത്തിലെയും ചുറ്റുപാടുകളിലെയും ജോലികൾ സ്ത്രീകൾ തന്നെ ചെയ്യണം. പല പണ്ഡിതന്മാരും സ്ത്രീകളെപ്പറ്റി പല തരത്തിലാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ആദി കാലത്തു ബാബിലോണിൽ രണ്ടു തരത്തിലെ വീക്ഷണങ്ങളാണ് പ്രാബല്യത്തിൽ വരുത്തിയിരുന്നതു. അതായതു സ്ത്രീ, പുരുഷൻ. ആ കാലത്ത് ഒരു സ്ത്രീ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചാൽ അവൾ എൺപതു ദിവസം അശുദ്ധമായിരിക്കേണം. ആൺകുഞ്ഞിനെ പ്രസവിച്ചാൽ നാല്പതു ദിവസത്തെ അശുദ്ധി പാലിക്കേണം. യേശുവിന്റെ കാലത്തു സ്ത്രീകളെ ന്യായപ്രമാണം ഉപയോഗിക്കുവാനോ പ്രാർത്ഥിക്കുവാനോ അനുവദിച്ചിരുന്നില്ല. യെഹൂദൻ ഒരു സ്ത്രീയെ രണ്ടാം തരമായി കണ്ടിരുന്നു. അതു മാത്രമല്ല യെഹൂദരുടെ പ്രാർത്ഥനകളിലും ഇതു വളരെ പ്രതിഫലിച്ചിരുന്നു. സമൂഹവും നിയമങ്ങളും സ്ത്രീക്കു യാതൊരുവിധ പങ്കാളിത്തമോ പ്രാതിനിത്യമോ കൊടുത്തിരുന്നില്ല. ആരാധനാലയങ്ങളിലും സ്ത്രീകൾക്കു പ്രത്യേക സ്ഥലമാണ് നൽകിയിരുന്നതു. ഈ വിധത്തിൽ പഴയനിയമ കാലത്തു സ്ത്രീക്കു പല വിധത്തിൽ വളരെ ശോചനീയമായ അവസ്ഥയാണ് അഭിമുഖീകരിക്കേണ്ടി വന്നതു.

എന്നാൽ യേശുക്രിസ്തു മനുഷ്യരെ രണ്ട് വിധത്തിൽ കണ്ടിരുന്നില്ല. മറിച്ച് സ്ത്രീകൾക്കു ലഭിക്കേണ്ട ന്യായമായ വിലയും, സ്ഥാനമാനവും, അംഗീകാരവും നൽകിയിരുന്നു. യേശുക്രിസ്തുവിലൂടെയാണ് ഇവ ആധുനിക സഭയ്ക്കു നൽകപ്പെട്ടതു.

ലൂക്കോസിന്റെ സുവിശേഷം ശ്രദ്ധിച്ചാൽ മറ്റുള്ള എഴുത്തുകാരേക്കാൾ കൂടുതൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകിയിരുന്നു. ഇതിൽ 31 സ്ത്രീകളെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. മറ്റ് ഒരു സുവിശേഷത്തിലും രേഖപ്പെടുത്തിയിട്ടില്ലാത്ത പതിമൂന്നു സ്ത്രീകളെ ലൂക്കോസ് പരിചയപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ സ്ത്രീകളോടുള്ള സമീപനം ശ്രദ്ധേയമാണ്. അതായതു ഒരു പുരുഷനെ സൗഖ്യമാക്കിയതായി രേഖപ്പെടുത്തിയാൽ അതിനടുത്തായി സ്ത്രീയെക്കുറിച്ചു പ്രതിപാദിക്കും. ഇതു ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. ഇവയിലൂടെയെല്ലാം യേശുവിന്റെ മുന്നിൽ സ്ത്രീക്കും പുരുഷനും തുല്യരാണെന്നു വ്യക്തമാണ്.

ലൂക്കോസിന്റെ സുവിശേഷത്തിൽ സ്ത്രീകൾക്കു പ്രാധാന്യം കൊടുക്കുന്ന പതിനേഴു ഉദാഹരണങ്ങൾ ഉണ്ട്. അതിൽ കർത്താവിന്റെ അമ്മ മറിയ തുടങ്ങി ശവക്കല്ലറയിൽ കണ്ടെത്തിയ സ്ത്രീകൾ വരെ.

### *മറിയ*

വേദപുസ്തകത്തിലെ ആദ്യത്തെ സ്ത്രീയായിട്ടാണ് ലൂക്കോസ് മറിയയെ ചിത്രീകരിക്കുന്നതു. പുതിയ നിയമത്തിലെ ആദ്യത്തെ ദൈവശാസ്ത്രജ്ഞയായും ആദ്യത്തെ ക്രിസ്ത്യാനിയായും മറിയയെ കാണുന്നു. സഖര്യാവിന് തന്റെ ഭാര്യയെക്കുറിച്ചുള്ള ദൂതാണ് ലഭിച്ചത് എന്നാൽ അതു ഒരു വിപ്ലവാത്മകമായിട്ടുള്ള ഒരു വാക്കായിട്ടു മാത്രമേ സഖര്യാവിനു കാണുവാൻ കഴിഞ്ഞുള്ളു. എന്നാൽ കർത്താവിന്റെ അമ്മയായ മറിയയ്ക്കു ലഭിച്ച തന്നെക്കുറിച്ചു ലഭിച്ച ദൂത് സഖര്യാവിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് പ്രതികരിച്ചതു. കാരണം ആ ദൂത് മറിയ അതേപടി സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും കൂടുതൽ അറിയുവാനായി ആഗ്രഹിക്കുകയും ചെയ്തു. മറിയയുടെ ജീവിതത്തിലെ അവർണ്ണനീയമായ വാർത്തയായിരുന്നു ഇത് എങ്കിലും ലോക രക്ഷകനായ മശിഹായുടെ മാതാവാകുവാൻ വേണ്ടി കൊടുക്കേണ്ടിവരുന്ന വില വളരെ വിലയേറിയതായിരുന്നു. അതിൽ അവൾ പൂർണ്ണമായി കീഴ്പ്പെട്ടു. ഇവിടെ മറിയയുടെ സ്വഭാവ ശ്രേഷ്ഠതയും ദൈവവിശ്വാസവും എടുത്തു കാട്ടുകയും എക്കാലവും ഉള്ള മനുഷ്യർക്കും ഇതൊരു മാതൃകയുമാണ്. മറിയ എന്ന വാക്കിനർത്ഥം അനുഗ്രഹീത എന്നാണ്. ആ പേരിന് തികച്ചും അന്വർത്ഥമായ ജീവിതം നയിച്ച വ്യക്തിയായിരുന്നു മറിയ.

സ്ത്രീകളെ കർത്താവ് അംഗീകരിക്കുന്നതിന് 17 ഉദാഹരണങ്ങൾ കാണുവാൻ കഴിയും. അത് അല്പമായി ശ്രദ്ധിക്കാം.

1. 1:26-56- യേശുവിന്റെ അമ്മ മറിയ

   2:1-7, 2:16:24
2. എലിസബെത്ത് - 1:5-25, 36-60
3. ഹന്ന - 2:36-38
4. നയീനിലെ വിധവ - 7:11-15
5. ശീമോന്റെ ഭവനത്തിലെ പാപിനിയായ സ്ത്രീ - 7:36-50
6. സ്ത്രീ ശിഷ്യകൾ - 8:1-3
7. രക്തസ്രവക്കാരി സ്ത്രീ - 8:43-48
8. യായിറോസിന്റെ മകൾ - 8:40-42; 49-56
9. മാർത്തയും മറിയയും - 10:38-42
10. മക്കളിൽകൂടെയോ ഭർത്താവിൽകൂടെയോ സ്ഥാനമാനങ്ങൾ ലഭിക്കാതിരുന്ന സ്ത്രീകൾ - 11:27-28
11. കൂനിയായ സ്ത്രീ - 13:10-17
12. സ്ത്രീകളെക്കുറിച്ച് പരാമർശമുള്ള ഉപമകൾ - 15:8-10
    a. ദ്രഹ്മ - 15:8-10
    b. 10 കന്യകമാർ - 17:34-37
    c. ന്യായാധിപന്റെ അടുക്കൽ എത്തിയ സ്ത്രീ - 18:1-5
13. ദൈവാലയത്തിൽ രണ്ട് കാശ് ഇട്ട വിധവ - 21:1-4
14. ശുശ്രൂഷിക്കുന്നവരായ സ്ത്രീകൾ - 21:23
15. പത്രോസിന്റെ വേലക്കാരി - 22:55-58
16. കുരിശിങ്കൽ എത്തിയ സ്ത്രീ - 23:49
17. ശവക്കല്ലറയിൽ എത്തിയ സ്ത്രീ - 24:1-17

# A Tribute to Our Mothers

Roy Abraham Thomas, *BD-II Student at M.T. Seminary,* Kottayam

More precious than all the diamonds in the world, more sweeter than the honey from a honey-comb, more beautiful than a rose in all its splendor... our mothers are all this and more. On May 11, according to tradition, our country will recognize mothers for all that they have given to America. On May 11, in response to the unique contributions of mothers throughout the Mar Thoma Church Diocese of North America & Europe, the youths of this diocese should take it upon themselves to pay special tribute to their mothers. As Mother's Day 1997 comes and goes, the legacy which our mothers have created for us will never cease to inspire us.

It was in 1965 that Lyndon B. Johnson signed into law the 'Immigration Act of 1965' which put an end to fifty years of restriction based on racial and ethnic considerations. Thus began 'the era of liberalization' (Thomas, p. 5), the major effect of which was that racial groups other than whites entered the United States in large numbers. AS far as Asian Indians are concerned, 'the era of liberalization' was the most significant window of opportunity by which many entered America. While the liberal trends of the 1960's brought on an ethnic revival, racial discrimination, banned by 'law', continued to lurk in the heart of 'white America'. It was into such a social climate that our mothers, God bless their boldness, ascended into and were forced to accomodate themselves to.

It was at this very same time in America's history that the very fabric of Christian family values that had held the nation together was torn apart. For some time, even before the first Mar Thomites landed on American soil, the young people of America had been fighting against their parent's impoverished values of personal peace and affluence. Francis Schaeffer in his highly publicized book How Should We Then LIve? The Rise and Decline of Western Thought and Culture argues that parents had adopted new meanings for personal peace and affluence.

'Personal peace' meant just to be let alone, not to be troubled by the troubles of other people, whether across the world or across the city to live one's life with minimal possibilities of being personally disturbed. Affluence meant an overwhelming and ever-increasing prosperity — a life made up of things, and more things — a success judged by an ever-higher level of material abundance. The young people however wanted more to life than personal peace and affluence (p. 208). In a spirit of rebellion, the young people rebuked their parents and the idea of a school system. They then turned to drugs as an ideology, a new way of life, a counter culture. The peak of the drug culture came in 1969 at a rock festival known as 'Woodstock' as many embraced the utopian dream that if enough people were on drugs, the problems of modern civilization would be solved. It was the beginning of a new era. It was the bomb which dismantled the traditional Christian family value system which had so strengthened America. It was the context or 'sitz im leben' in which the early immigrants, our parents, had to survive and in which their children grew.

The Christian crucible in which hard work ans struggle had its value was removed. Without the supporting crucible, value could not be transferred or meaningful. While parents strove hard to attain personal peace and affluence, their children formed a counter-culture which threatened to separate them from the very foundation upon which this country was built...God Almighty.

Today, as many parents reflect upon their years of hard work and suffering they feel disheartened. While America enjoys the highest standard of living among any nation, her people especially the parents feel a sense of failure. What is the fruit of their labour? A palacious mansion, a couple of expensive automobiles? Such things may wet the appetite, but they do not satisfy the soul.

Abraham Lincoln once said, "The strength of a nation lies in the people - in the home of the people." He said, "Our strength is in the home." But the home today is disintegrating. The extended family of grandparents, parents, children and grandchildren had disintegrated into the nuclear family of parents and children, and according to recent surveys, even this bond may not exist. Statistics suggest that there is a 46% divorce rate in the U.S. Twelve-million children come from single parent homes. Teenage suicides are the highest of any age group. According to one study the average father spends less than 30 minutes a day with his newborn baby. Another study suggested that the average American family that has teenagers spends a mere 14 minutes a week really communicating. In one poll, to which 10,000 people responded, 70% claimed that if they had to do it over again, they would not have children. As shocking as these facts are, it is no surprise that Americans are in a traumatized state. Parents all across America now realize how wrong they were to abandon or underestimate the importance of traditional family values. There is a general consensus throughout America that the country needs to refocus on the family. While the nation finds hope in the hands of historians, sociologists, psychologists, and social critics who have joined forces to help analyze and attempt to solve the escalating problem, let us as children of the Mar Thoma Church Diocese of North America & Europe turn to our parents for hope in the midst of our current crisis.

Our parents, many of them having immigrated to the United States in the late 1960's or early 1970's, left their motherland India in hopes of a better and brighter future for their children. With bold dreams, brave hearts, and little or no money, many left their motherland and journeyed into a foreign land quite different from anything they had known before. Mar Thomites in America were swept over by irreversible forces of economic, social, and cultural change that shattered their traditional ways of life. Though uprooted from Indian soil and replanted in a foreign culture with value systems all its own, our parents strove to preserve for us all that was good in both cultures. There were many obstacles that threatened to dash their hopes and destroy their dreams, but these bold pioneers refused to give up without a fight. God was to be their 'Commander and Chief' and the Mar Thoma Church the 'Army of God'. Together, they were committed to winning the children of this diocese to Christ.

Today, as American families are pondering the destiny of this great nation we as children of Mar Thomite families should be thankful for what our parents especially our mothers, have done to make our future a little brighter. As Mother's Day 1997 comes and goes, the legacy which our mothers have created for us will never cease to inspire us. On May 11, according to tradition, our country will recognize mothers for all that they have given to America. On May 11, in response to the unique contributions of mothers throughout the Mar Thoma Church Diocese of North America & Europe, the youths of this diocese should take it upon themselves to pay special tribute to their mothers. For the sacrifices made, for the gift of love, for caring about our future, for training us up in the ways of God, and for all the other countless blessings you have given us, we the youths of this diocese would like to say 'Happy Mother's Day'...and, by the way, Thank you!

Thomas, T.M. KERALA IMMIGRANTS IN AMERICA. Simons Printers & Publishers, Cochin. 1984.

**Note:** The statistical data concerning the current state of affairs in the United States, as they pertain to the family situation, have been taken from the back issues of 'Decision' magazine which is a publication of Billy Graham Evangelistic Association.

# MATRIMONIAL

Marthomite parents invite proposals for their daughter, 26 years old, fair and beautiful, medical doctor. Preference given to candidates with professional degrees and upbringing in a God-fearing family. Interested parents please respond with details to: **Tel: 215-969-6720**

Marthomite parents invite proposals for their daughter, MS (Speech Pathology) from an excellent US University, working in a pediatrics clinic in Southern United States, 28 years, 5' 2"; excellent family background and values. We welcome proposals from well educated Christians; preference to those who are already in United States or Canada.

**Please contact:**

**Tel: 519-886-3971 e-mail: sam@alpha.sienahts.edu**

Uncle invites proposals from MD/MS in practice, residence/CPA/PhD or MTech Engineer or other professionals from respectable families of Mar Thoma, Jacobite, CSI for a God fearing girl, 28 years, 160 cms. slim fair MD starting residence on June 1997 in New York. Respond with personal and family details to:

**P.O. Box 934, Pelham, NY 10803**

# Devanahalli Mission of the Mar Thoma Church

